ശ്രീ. സി. സി. അയ്യപ്പൻ : ഗവണ്മെൻറാണോ ഈ സെക്രട്ടറിമാർക്ക് പ്രതിഫലം കൊടുക്കുന്നത് ?

ശ്രീ. പി. കെ. ചാത്തൻ : പ്രതിഫലം കൊടുക്കുന്നതിന് ഒരു നിശ്ചിത കാലത്തേയ്ക്ക് സൊസൈറ്റികൾക്ക് സഹായധനം കൊടുക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സെക്രട്ടറിയായിട്ട് നിയമിക്കുന്ന ആൾ എന്തെങ്കിലും ഡിപ്പോസിറ്റ് കെട്ടിവയ്ക്കണമെന്ന് നിർബന്ധമുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : ഉണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഒരു സംഘത്തിൽനിന്ന 3000 രൂപ തട്ടിക്കൊണ്ടുപോയ പെയിഡ് സെക്രട്ടറിയെ കണ്ടുപിടിക്കുകയുണ്ടായോ ?

Mr. Speaker : You must put a separate question for that.

## ലേബർ കോൺട്രാക്ടർ സൊസൈറ്റികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ.

* 1359. [9] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ഇ. എസ്. ബ്ലോക്കുകൾക്ക് പുറത്ത് എത്ര ലേബർ കോൺട്രാക്ടർ കോഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എൻ. ഇ. എസ്. ബ്ലോക്കുകളില്ലാത്ത പ്രദേശത്ത് രജിസ്റ്റർ ചെയ്ത പ്രവർത്തനം നടത്തുന്ന സൊസൈറ്റികൾക്ക്, ബ്ലോക്കുകളുള്ള പ്രദേശങ്ങളിൽ പ്രവർത്തനം നടത്തുന്ന സൊസൈറ്റികൾക്ക് ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങളെല്ലാം ലഭിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ഡി) എൻ. ഇ. എസ്. ബ്ലോക്കുകൾക്കകത്തും പുറത്തും പ്രവർത്തനം നടത്തുന്ന എല്ലാ സൊസൈറ്റികൾക്കും ഒരുപോലെയുള്ള പരിഗണന ഗവണ്മെൻറിൽനിന്നും ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 23 താഴെ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) പുതിയ സ്കീം പ്രകാരം രജിസ്റ്റർചെയ്ത് അവയ്ക്കുള്ള ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന തൊഴിൽ സഹകരണസംഘങ്ങൾക്ക മാത്രമെ ആ സ്കീം പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ.

(ഡി) ഇപ്പോൾ നടപടികൾ എടുക്കുവാൻ ആലോചനയില്ല.

ശ്രീ. പി. എസ്. കാത്തികേയൻ : ഇപ്പോൾ നടപടികളെടുക്കുവാൻ ആലോചനയില്ലാ എന്നു പറഞ്ഞതു എന്തടിസ്ഥാനത്തിലാണ് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ലേബർ കോൺട്രാക്ടർ സൊസൈറ്റികളുടെ മോഡൽ ബൈലാ അനുസരിച്ചല്ലാ ബ്ലോക്കുകൾക്ക പുറത്തുള്ള സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതു്.

ശ്രീ. പി. എസ്. കാത്തികേയൻ : ലേബർ കോൺട്രാക്ടർ സൊസൈറ്റികളുടെ വ്യവസ്ഥയനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾ പുറത്തുണ്ടെങ്കിൽ അവയ്ക്ക് ഒരു പ്രത്യേക പരിഗണന കൊടുക്കുന്നതു ശരിയായിരിക്കുമെന്നു കരുതുന്നുണ്ടോ ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ബ്ലോക്കിലുള്ള ലേബർ കോൺട്രാക്ടർ സൊസൈറ്റിയുടെ പ്രസിഡണ്ട് ബ്ലോക്ക് ആഫീസറാണ്. അതുകൊണ്ട് ആ സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ഒരു നിയന്ത്രണം ചെലുത്തുവാൻ സാധിക്കും. പുറത്തുള്ള സൊസൈറ്റികളിൽ അതുപോലെ നിയന്ത്രണം ചെലുത്തുവാൻ സാധിക്കുകയില്ല.

ശ്രീ. ടി. കൃഷ്ണൻ : ഇപ്പോഴത്തെ നിലവിലിരിക്കുന്ന കോവാപ്പറേറ്റീവ് ആക്ടിനു പകരം വേറെ ഒരു ആക്ട് കൊണ്ടുവരുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ?

**Mr. Speaker**: The question need not be answered as it relates to a future policy.

ശ്രീ. കെ. എം. ജോർജ്ജ് : ബ്ലോക്കിന്റെ പുറത്തു സംഘടിപ്പിച്ചിട്ടുള്ള സൊസൈറ്റികൾക്ക് കിട്ടാതെ എത്ര രൂപയുടെ വർക്കുകൾ കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ആ സൊസൈറ്റികൾ സാധാരണ രീതിയിൽ ടെൻഡർ കൊടുത്തു പണി ഏറ്റെടുത്തു നടത്തുകയാണ് ചെയ്യുന്നത്.

ശ്രീ. സി. എ. മാത്യു : ബ്ലോക്കിനകത്തുള്ള സൊസൈറ്റികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് കൊടുത്തിട്ടുള്ളത് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : സാധാരണ സൊസൈറ്റികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളെല്ലാം അവർക്കും കിട്ടും.

## അയിത്തോച്ചാടന പ്രവർത്തനം.

* 1360. [11] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനോദ്ധാരണവകുപ്പിൻകീഴിൽ നടത്തുന്ന അയിത്തോച്ചാടന പ്രവർത്തനങ്ങൾകൊണ്ട് അവ അർഹിക്കുന്ന ഗുണം ലഭിക്കുന്നില്ലെന്നു തദ്ദേശസ്വയംഭരണവകുപ്പിലെ മെമ്പറന്മാർ പരാതികൾ ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## ഐ.പ്രൈവറ്റ് ആയുർവ്വേദ ആശുപത്രികൾക്ക് നൽകുന്ന ഗ്രാന്റ്.

* 1361. [12] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റായി നടത്തുന്ന ആയുർവ്വേദ ആശുപത്രികൾക്ക് ഗ്രാന്റ് നൽകുന്നുണ്ടോ ;

(ബി) മലബാറിലും തിരുവിതാംകൂറിലും ഗ്രാന്റ് സംബന്ധിച്ചു വല്ല ഏകീകരണവും വരുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly